പ്രമുഖ വ്യവസായിയും മദ്രാസ് നിയമസഭാംഗവുമായിരുന്ന എ.കെ. കാദർകുട്ടിയുടെ നിര്യാണം വ്യവസായ-സാമൂഹ്യ മേഖലകൾക്ക് തീരാനഷ്ടമാണ്. 1937 മുതൽ 1946 വരെയും 1946 മുതൽ 1951 വരെയും മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിലിൽ അദ്ദേഹം മലബാറിലെ കോട്ടയം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു. തടിവ്യാപാരത്തിൽ ഏർപ്പെട്ടുകൊണ്ട് രംഗപ്രവേശം ചെയ്ത അദ്ദേഹം വ്യവസായരംഗത്ത് എത്തുന്നത് 1942-ൽ വളപട്ടണത്ത് ബൃഹത്തായ ഒരു ഈർച്ചമിൽ സ്ഥാപിച്ചുകൊണ്ടാണ്. ഏഷ്യയിലെ ഏറ്റവും വലിയ മരാധിഷ്ഠിത യൂണിറ്റായ വളപട്ടണത്തെ വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ്സ്, കാദർകുട്ടിയുടെ ഇച്ഛാശക്തിയുടെയും കർമ്മശേഷിയുടെയും തിളക്കമുള്ള പ്രതീകമാണ്. പ്ലൈവുഡ് വ്യവസായത്തിന്റെ ശില്പിയും അമരക്കാരനുമായിരുന്ന അദ്ദേഹം അനവധി അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്. ഹൈദരാബാദിലെ നാഷണൽ അസോസിയേഷൻ ഓഫ് റേഡിയോ എൻസോടോപ്പ്, മേന്മ കുറഞ്ഞ മരങ്ങളെ 'ഗാമാകിരണങ്ങൾ' ഉപയോഗിച്ച് മേന്മകൂടിയതാകുന്ന വിദ്യ കണ്ടുപിടിച്ചതിന് 'വുഡ് വർക്കിംഗ് പയനിയർ' പദവി അദ്ദേഹത്തിന് സമ്മാനിച്ചു. അനുപമമായ സാങ്കേതിക പരിജ്ഞാനത്തിനുടമയായിരുന്ന അദ്ദേഹം കോഴിക്കോട് സർവ്വകലാശാലയുടെ ആദ്യത്തെ ടെക്നോളജി ഫാക്കൽറ്റി ഡീൻ, ചെന്നൈ ഐ.ഐ.ടി., കോഴിക്കോട് ആർ.ഇ.സി. എന്നിവയുടെ ഭരണസമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. വ്യവസായ, വിദ്യാഭ്യാസ, സാമൂഹ്യമണ്ഡലങ്ങളിൽ എ.കെ. കാദർകുട്ടി നൽകിയിട്ടുള്ള സംഭാവനകൾ നിസ്തുലമാണ്. പരേതരോടുള്ള ആദരസൂചകമായി നമുക്ക് അൽപ സമയം മൗനം ആചരിക്കാം.

(പരേതരോടുള്ള ആദര സൂചകമായി സഭാംഗങ്ങൾ എണീറ്റുനിന്ന് ഒരു മിനിട്ട് മൗനം ആചരിച്ചു.)

IV അടിയന്തിരപ്രമേയം

കണ്ണൂർ ജില്ലയിൽ പള്ളിക്കുന്ന്-പാനൂർ മേഖലകളിൽ നടന്ന അക്രമ സംഭവങ്ങൾ

മി. സ്പീക്കർ : ഓർഡർ ..... ഓർഡർ..... കണ്ണൂർ ജില്ലയിലുടനീളം ഉണ്ടായിട്ടുള്ള അക്രമപ്രവർത്തനങ്ങൾ കാരണം അവിടെ നിലനിൽക്കുന്ന ഭീകരാവസ്ഥയുടെ ഫലമായി ജനങ്ങൾ ഭയവിഹ്വലരാണെന്നും അവിടത്തെ ജനജീവിതം സ്തംഭിച്ചിരിക്കുകയാണെന്നും അതേ തുടർന്ന് ഉളവായിട്ടുള്ള സ്ഥിതിവിശേഷത്തെപ്പറ്റി സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ. സി. ജോസഫ്, കെ. പി. എ. മജീദ്, മാമ്മൻ മത്തായി, ആര്യാടൻ മുഹമ്മദ്, പ്രൊഫ. എ. വി. താമരാക്ഷൻ എന്നീ അംഗങ്ങൾ 50-ാം ചട്ടപ്രകാരം ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഇവിടെ കിട്ടിയ അടിയന്തിരപ്രമേയത്തിൽ നാലു സ്ഥലങ്ങളാണ് പറഞ്ഞിട്ടുള്ളത്. ഏതെങ്കിലും ഒരു പർട്ടിക്കുലർ കസ്റ്റ്യനാണെങ്കിൽ മറുപടി പറയാം. നാലഞ്ച് സ്ഥലത്തെക്കുറിച്ച് ചോദിച്ചാൽ പറയാനാവില്ല. പള്ളിക്കുന്ന്, പാനൂർ, തൃച്ചമ്പലം, കുടിയാൻമല അങ്ങനെ നാലു സ്ഥലമാണ് പറഞ്ഞിട്ടുള്ളത്.

മി. സ്പീക്കർ : ആദ്യത്തെ സ്ഥലത്തിനു മറുപടി പറഞ്ഞാൽ മതി.

ശ്രീ. ഇ. കെ. നായനാർ : അതാണ് പറയുവാൻ പോകുന്നത്. പള്ളിക്കുന്ന് മാത്രം മറ്റൊന്നും പറയുവാൻ പോകുന്നില്ല. മറ്റേത് രാജ്യം മുഴുവൻ കുഴപ്പമാണെന്ന് എഴുതി വയ്ക്കുക.

ശ്രീ. ടി. എം. ജേക്കബ് : കുഴപ്പമാണല്ലോ ?

ശ്രീ. ഇ. കെ. നായനാർ : അല്ല. ആണെന്ന് ആര് പറഞ്ഞു ? ആണെന്നുള്ളത് നിങ്ങളുടെ അഭിപ്രായം. അല്ല എന്നുള്ളത് എന്റെ അഭിപ്രായം. ..... (ബഹളം) .....

മി. സ്പീക്കർ : അദ്ദേഹം പറയട്ടെ.

ശ്രീ. ഇ. കെ. നായനാർ : ഇവിടെ നാലെണ്ണത്തിനു ഞാൻ മറുപടി പറയില്ല. സർ, കണ്ണൂർ ജില്ലയിലെ പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായ പി.കെ. രാകേഷിനെ 3-3-2001-ന് രാവിലെ 10.30 മണിയോടെ പത്തോളംപേർ ചേർന്ന് വെട്ടിപ്പരിക്കേൽപ്പിച്ച സംഭവം ഉണ്ടായിട്ടുണ്ട്. മുഖം മറച്ച് ഓഫീസിനകത്ത് കയറിയാണ് അക്രമം നടത്തിയത്. പരിക്കേറ്റ രാകേഷിനെ കണ്ണൂർ ജില്ലാ ആശുപത്രിയിലും തുടർന്ന് എറണാകുളം ആശുപത്രിയിലും ചികിത്സയ്ക്കായി കൊണ്ടുപോയിട്ടുണ്ട്. കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം 143/2001 നമ്പരായി 307-ാം വകുപ്പുൾപ്പെടെ വിവിധ വകുപ്പുകൾ ചേർത്ത് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 26-2-2001-ന് രാത്രിയുണ്ടായ അക്രമസംഭവങ്ങളെ തുടർന്നാണ് രാകേഷിന് നേരെ അക്രമമുണ്ടായതെന്നു കരുതുന്നു. 26-2-2001-ന് രാത്രി 12 മണിയോടുകൂടി പള്ളിക്കുന്നിലെ ചാലാട്ട് റിക്രിയേഷൻ ക്ലബിനു നേരെ ബോംബെറിയുകയും കെട്ടിടത്തിന്റെ വാതിൽ ചവിട്ടിപ്പൊളിച്ചു കടന്ന് ടെലിവിഷൻ, ട്യൂബ്ലൈറ്റ്, ഫാൻ തുടങ്ങിയ ഉപകരണങ്ങളെല്ലാം തകർക്കുകയും ക്ലബ്ബിന്റെ സാധനസാമഗ്രികൾ തച്ചുതകർക്കുകയും ചെയ്ത സംഭവമുണ്ടായി. തുടർന്ന് കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം 129/2001 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. അന്നേ ദിവസം രാത്രി ഒരു മണിയോടടുത്ത് പള്ളിക്കുന്നിലെ ചാലാട്ട് സി.പി.ഐ.(എം) ഓഫീസിനു നേരെ കോൺഗ്രസ് പ്രവർത്തകരെന്നു പറയുന്നവർ ബോംബെറിഞ്ഞ് നാശനഷ്ടങ്ങൾ വരുത്തിയതായി ഒരു റിപ്പോർട്ടുമുണ്ട്. വാതിലുകൾ ചവിട്ടിപ്പൊളിച്ച് അകത്തു കടുന്നുകയറിയ അക്രമികൾ ഫാനും ഫയലുകളും മറ്റ് ഉപകരണങ്ങളും നശിപ്പിച്ചതായി റിപ്പോർട്ടുകളുണ്ട്. സംഭവത്തിൽ ക്രൈം നമ്പർ 130/2001 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഈ രണ്ടു കേസുകളിലും

LIBRARY ARCHIVES Kerala Legislative Assembly

പ്രതിയാണ് ശ്രീ. രാകേഷ്. സി.പി.ഐ. (എം) ഓഫീസിനും റിക്രിയേഷൻ ക്ലബ്ബിനും നേരെ ബോംബാക്രമണം നടത്തിയത് രാകേഷിന്റെ നേതൃത്വത്തിലാണെന്നും രാഷ്ട്രീയ വിരോധം വച്ചാണ് 3-3-2001-ന് രാകേഷിനു നേരെ ആക്രമണമുണ്ടായതെന്നുമാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. മൂന്നു കേസുകളിലും ഊർജ്ജിതമായി പോലീസ് അന്വേഷിച്ചുവരികയാണ്. സ്ഥലത്ത് ഇപ്പോൾ സ്ഥിതിഗതികൾ നിയന്ത്രണാധീനമാണ്. ഈ തരത്തിൽ പാനൂർ മേഖലയെ സംബന്ധിച്ചും അന്വേഷണം വേണമെന്നതിന്റെ അടിസ്ഥാനത്തിൽ അവിടെയും അന്വേഷണം നടന്നുവരുന്നു. ആർ.എസ്.എസ്.- ബി.ജെ.പി. പ്രവർത്തകർക്കെതിരായിട്ടാണ് ആക്രമണ-ആരോപണങ്ങൾ ഉണ്ടായിട്ടുള്ളത്. അവിടെയും ക്രൈം നമ്പർ 74/2001 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പാനൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിലും ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായതായി റിപ്പോർട്ടുണ്ട്. പോലീസ് ശക്തമായ കാവൽ നിൽക്കുന്നുണ്ട്. അക്രമസംഭവങ്ങളെത്തുടർന്ന് പോലീസ് നടപടികൾ ഈ മേഖലകളിൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. മാരകായുധങ്ങളും സ്ഫോടകവസ്തുക്കളും കൊണ്ടുപോകുന്നതിന് ഊർജ്ജിത നടപടികൾ എടുക്കുന്നുണ്ട്. അക്രമങ്ങൾ തടയുന്നതിനുവേണ്ടി കണ്ണൂർ ഡി. ഐ. ജി. ജില്ലാപോലീസ് നേതൃത്വത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. അക്രമികൾക്കെതിരെ മുഖം നോക്കാതെ ശക്തമായ നടപടികൾ സ്വീകരിക്കും.

മി. സ്പീക്കർ : ശ്രീ. കെ. സി. ജോസഫ്, അങ്ങ് എഴുതിത്തന്നതിൽ കണ്ണൂർ ജില്ലയിലുടനീളം എന്നുള്ള സംഗതി വേണ്ട. ആ പർട്ടിക്കുലർ സംഭവം പറഞ്ഞാൽ മതി.

ശ്രീ. കെ. സി. ജോസഫ് : സർ, കണ്ണൂർ ജില്ലയിലെ നാലഞ്ചു മേഖലകളിലുള്ള സംഘർഷം പറയുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒഴിഞ്ഞുമാറുന്നത് ശരിയായ നടപടിയല്ല. ആ ജില്ലയാകെ ഇന്ന് സംഘർഷഭരിതമാണ്. ഞങ്ങളാരും സൃഷ്ടിക്കുന്നതല്ല. പോലീസിന്റെ നിർവീര്യമായ സമീപനംമൂലവും സി.പി.എം.- ന്റെ അക്രമം മൂലവും ആ ജില്ലയിലെ ജനങ്ങളാകെ ഇന്ന് ഭയാക്രാന്തരായി കഴിയുന്നു. ഞാൻ പഴയ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. മാർച്ച് മാസം 3-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മണിയോടുകൂടിയാണ് പള്ളിക്കുന്ന് പഞ്ചായത്ത് ഓഫീസിൽ കയറി സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും കണ്ണൂർ ബ്ലോക്ക് യൂത്ത് കോൺഗ്രസ് സെക്രട്ടറിയുമായ പി.കെ. രാകേഷിനെ ക്രൂരമായി വെട്ടിപരിക്കേൽപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്, രാകേഷ് സി.പി.എം. ഓഫീസ് ആക്രമിച്ച കേസിൽ പ്രതി ആണെന്നാണ്, അപ്പോൾ തന്നെ കള്ളി വെളിച്ചത്തു വന്നില്ലേ ? രാകേഷിനെ ആക്രമിച്ച ആളുകൾ മുഖംമൂടിധരിച്ചിരുന്നു എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു. അവർ മുഖംമൂടി ധരിച്ചിരുന്നില്ല. പട്ടാപ്പകൽ രാവിലെ 10.30 മണിക്ക് ഇരുപതോളം റൗഡികൾ പഞ്ചായത്ത് ഓഫീസിൽ കടന്നുകയറിയാണ് അക്രമമുണ്ടാക്കിയത്. പൊതുവീഥിയിൽ അല്ല, തെരുവിലല്ല, പഞ്ചായത്ത് ഓഫീസിൽ വച്ചാണ്. ആരൊക്കെയാണ് വെട്ടിയതെന്ന് രാകേഷ് വ്യക്തമായി മൊഴി കൊടുത്തിട്ടുണ്ട്. അവരെ രക്ഷിക്കുന്നതിനുവേണ്ടി ബഹുമാന്പ്പെട്ട മുഖ്യമന്ത്രി പറയുന്നത്, പ്രതികൾ മുഖംമൂടി ധരിച്ചിരുന്നു എന്നാണ്. അതിനെക്കുറിച്ചു വന്നിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

വാർത്ത മാത്രം വായിക്കാം. 'ഇന്നലെ രാവിലെ 10.30 മണിയോടുകൂടിയാണ് സംഭവം. പഞ്ചായത്ത് സെക്രട്ടറിയുമായി സംസാരിച്ചിരിക്കുന്നതിനിടയിൽ വാഹനത്തിലെത്തിയ ഇരുപതോളം അക്രമികൾ മാരകായുധങ്ങൾ കൊണ്ട് രാകേഷിനെ തലങ്ങും വിലങ്ങും വെട്ടി വീഴ്ത്തുകയായിരുന്നു. സംഭവം കണ്ടുനിന്ന പഞ്ചായത്തു സെക്രട്ടറി ശ്രീമതി പ്രഭാവതി ബോധരഹിതയായി വീണു. അവരെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. രാകേഷിനെ ജില്ലാ ആശുപത്രിയിലേക്ക് കൊണ്ടുപോയി. രാകേഷിനെ കൊണ്ടുപോയ വാഹനത്തിനു നേരെയും സി.പി.എം. ആക്രമികൾ കല്ലെറിഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു.' ഇതാണ് സംഭവം. എറണാകുളം സ്പെഷ്യലിസ്റ്റ് ആശുപത്രിയിൽ രാകേഷ് വലതു കൈപ്പത്തിയും ഇടതുകാലും അറ്റുവീണ് മാരകമായ നിലയിൽ കഴിയുകയാണ്. ഈ നിമിഷം വരെ പ്രതികളെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. ഭരണകക്ഷിയുടെയും മാർക്സിസ്റ്റു പാർട്ടിയുടെയും എല്ലാ സംരക്ഷണവും എല്ലാ പിൻബലവും പ്രതികൾക്കുണ്ട്. അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്, പ്രതികൾ മുഖംമൂടി ധരിച്ചിരുന്നു എന്ന്. മാർച്ച് മാസം 5-ാം തീയതി ബോംബ് സ്ഫോടനത്തിൽ ബി.ജെ. പി. പ്രവർത്തകൻ കൊല്ലപ്പെട്ടു. ബി.ജെ.പി., സി.പി.എം. സംഘർഷം നിലനിൽക്കുന്ന പാനൂരിനടുത്ത് വള്ളായിയിൽ നടന്ന ബോംബ് സ്ഫോടനത്തിൽ ബി.ജെ.പി. പ്രവർത്തകനായ രാകേഷ് കൊലചെയ്യപ്പെട്ടു. ഈ സംഭവം ഞങ്ങളുണ്ടാക്കിയതാണോ ? മാർച്ച് മാസം ഏഴാം തീയതി (ഇന്ന്) പത്രത്തിൽ പറയുന്നത്, 'മുഖത്തടിച്ചാലും തിരിച്ചടിക്കാതെ പോലീസ്' എന്നാണ്. വാളും ബോംബുമായി അക്രമിക്കൂട്ടം വിലസുന്നു'. എവിടെയാണ് ? തലശ്ശേരിയിൽ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ. തോക്കും ലാത്തിയുമായി സംഘർഷം ഒതുക്കാൻ വന്ന പോലീസിന്റെ കരണത്ത് അക്രമികൾ ആഞ്ഞടിച്ചു. ആരെയാണ് ? പോലീസിനെ കുറുവടികൊണ്ടും ലാത്തി കൊണ്ടും അടിച്ചോടിച്ചു. ആരെയാണ് ? പോലീസിനെ വടിവാളും ബോംബും കഴുത്തിൽ വച്ച് ഭീഷണി മുഴക്കിയ അക്രമികൾക്കെതിരെ നടപടികളൊന്നും അരുതെന്ന് നിർദ്ദേശിച്ചതിന്റെ പേരിൽ പോലീസ് നിസ്സഹായരായി മടങ്ങി. ഇവിടെ പോലും, ഈ സഭയിൽ പോലും എന്താണ് നടക്കുന്നത് ? വാച്ച് ആന്റ് വാർഡുകൾ പത്രക്കാരെ മർദ്ദിക്കുന്നു. അങ്ങനെ ഇവിടെ പോലും സംഭവങ്ങളുണ്ടാകുകയാണ്. ഗവൺമെന്റിന്റെ നയംമൂലം ഈ രാജ്യത്താകെ ഭയാനകമായ സാഹചര്യം ഉണ്ടായിരിക്കുന്നു. കണ്ണൂർ ജില്ലയാകെ സംഘർഷഭരിതമാണ്. കണ്ണൂർ ജില്ലയിലേയ്ക്ക്, ആ ജില്ലയിലെ നേതാക്കന്മാർ പോകണമെങ്കിൽ സി.പി.എം. സംസ്ഥാന സെക്രട്ടറിയടക്കം അവിടെ പോകണമെങ്കിൽ, പോലീസ് സന്നാഹം വേണ്ടേ ? കണ്ണൂർ ജില്ലയിൽ ജനിച്ചുവളർന്ന നിങ്ങൾക്ക്, എന്താണ് ഗോവിന്ദൻ മാസ്റ്ററേ സ്ഥിതി ? ഞങ്ങൾ ഇതൊക്കെ കാണുന്നതല്ലേ ? ശ്രീ. പിണറായി വിജയൻ അവിടെപോയാൽ എന്തു പോലീസ് സന്നാഹമാണ് ? ശ്രീ. പിണറായി വിജയനുപോലും കണ്ണൂരിൽ സൈര്യമായി പോകാൻ കഴിയുന്നില്ല. അദ്ദേഹത്തിനു മാത്രമാണോ ? കണ്ണൂർ ജില്ലയിലെ സി.പി.എം. നേതാക്കന്മാർക്കാർക്കും സൈര്യമായി അവിടെ പോകാൻ കഴിയുന്നില്ല. അക്രമികളെ നേരിടാൻ പോലീസിനു കഴിയുന്നുണ്ടോ ? അക്രമികളെ പോലീസ് കയറൂരി വിടുകയാണ്. ആ ജില്ലയിൽ അക്രമങ്ങളുണ്ടായാൽ പോലീസ് വളരെയേറെ നിഷ്ക്രിയരാണ്. പോലീസ് അടിച്ചമർത്തുന്നത്

LIBRARY ARCHIVES Kerala Legislative Assembly

പത്രക്കാരെയല്ലേ ? കോട്ടയത്ത് എം.ജി. യൂണിവേഴ്സിറ്റി കലോൽസവമുണ്ടായപ്പോൾ അവിടെയും പത്രക്കാരെ സി.പി.എം.കാർ അടിച്ചോടിച്ചു. പാലക്കാട് കോട്ടായിയിൽ സി.ഐ.ടി.യു. ആക്രമണത്തിൽ, ബോംബേറിൽ പെൺകുട്ടിക്ക് പരിക്ക്. കണ്ണൂർ ജില്ലയിൽ ഇന്ന് ഓരോ മേഖലയിലേയ്ക്കും അക്രമങ്ങൾ പടർന്നുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കം പങ്കെടുത്തുകൊണ്ട്, എത്രമാത്രം ചർച്ചകൾ നടത്തി, എത്ര സമാധാന യോഗങ്ങൾ വിളിച്ചുകൂട്ടി ? വല്ല ഫലവുമുണ്ടോ ? എല്ലാ മാസവും സമാധാന സംഭാഷണങ്ങളാണ് നടത്തുന്നത്. അഖിലകക്ഷിയോഗങ്ങൾ കൂടും. ആ യോഗം കഴിയുമ്പോൾ തന്നെ സംഘർഷം ആരംഭിക്കുന്നു. ഇന്ന് എറണാകുളം സ്പെഷ്യലിസ്റ്റ് ആശുപത്രി, സത്യത്തിൽ അതു കണ്ണൂർ സ്പെഷ്യലിസ്റ്റ് ആശുപത്രിയാണ്. അംഗവൈകല്യം ഉണ്ടായാൽ ഞങ്ങൾ പെട്ടെന്ന് എറണാകുളത്തേയ്ക്ക് വരണം. ആ ആശുപത്രിയിൽ ഇപ്പോൾ തന്നെ ബോബിയും രാകേഷും കഴിയുന്നു. ബോബി ആക്രമിക്കപ്പെട്ടത് മുഴപ്പിലങ്ങാട് വച്ചാണ്, ശ്രീ. എം.വി. ജയരാജന്റെ മണ്ഡലത്തിൽവച്ചാണ്. ഒരു സംഘം അക്രമികൾ, റൗഡികൾ അവിടെ വളരെ മാരകവും ക്രൂരവുമായ അക്രമങ്ങൾ അഴിച്ചുവിടുന്നു. എന്താണ് ചെയ്യുന്നതെന്ന് അറിയാമോ ? അവിടെ ഒരുപറ്റം ആളുകൾ കടന്നുകയറി, കയ്യും കാലും വെട്ടിമാറ്റുന്നു. ആരുമാകട്ടെ, ആ ജില്ല കേരളത്തിന്റെ ഭാഗമല്ലേ ? അവിടെ സമാധാനം വേണ്ടേ ? അവിടെ സൈരത വേണ്ടേ ? കണ്ണൂരിൽ ഇന്ന് ബോംബു നിർമ്മാണം വ്യാപകമാകുകയല്ലേ ? എന്റെ മണ്ഡലത്തിൽ കുടിയാൻമലയിൽ ബോംബു നിർമ്മിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ടുപേർ മരിച്ചു. അവിടെ മാത്രമാണോ ? കണ്ണൂർ ജില്ലയിൽ കഴിഞ്ഞ ഒരു കൊല്ലത്തിനിടയിൽ ബോംബു നിർമ്മിക്കുമ്പോൾ മരിച്ചത് ആറു പേരാണ്. കുറേയാളുകൾ ബി.ജെ.പി.ക്കാരാണ്. കുറേയാളുകൾ മാർക്സിസ്റ്റുകാരാണ്. കുടിയാൻമലയിൽ മരിച്ചവർക്കുവേണ്ടി ശ്രീ. പിണറായി വിജയൻ ശ്രീകണ്ഠപുരത്തു വന്നു. എന്നിട്ട് 12 ലക്ഷം രൂപ അവർക്കു കൊടുത്തു. അദ്ദേഹം പറഞ്ഞത്, പാർട്ടി പ്രവർത്തനത്തിനിടയിൽ ആർക്കെങ്കിലും എന്തെങ്കിലും പരിക്കു പറ്റിയാൽ അവരെ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കും എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബോംബുനിർമ്മാണം പാർട്ടി പ്രവർത്തനമാണോ ? പാർട്ടിയുടെ നിലപാട് തിരുത്തിയോ ? പാർട്ടി പ്രവർത്തനത്തിൽ മാറ്റം വരുത്തിയോ ? കണ്ണൂർ ജില്ലയിലെ പാർട്ടി പ്രവർത്തനം ബോംബ് നിർമ്മാണമാണോ ? ആ ജില്ലയിലാകെ പാനൂരും പൊയിലൂരും കുടിയാൻമലയിലും പന്നിയൂർ അടക്കം നമുക്കറിയാമല്ലോ, ദയവായി ഈ സാഹചര്യം അവസാനിപ്പിക്കണമെന്ന് ഞങ്ങൾ ആത്മാർത്ഥമായി പറയുന്നു. കണ്ണൂരിലെ ജനങ്ങൾക്ക് അങ്ങയുടെ മണ്ണിൽ, അങ്ങയുടെ നാട്ടിൽ സൈരതവേണ്ടേ ? എന്തുകൊണ്ട് മറ്റ് 13 ജില്ലകളിൽ നിന്നും വ്യത്യസ്ഥമായ ഒരു സാഹചര്യം കണ്ണൂർ ജില്ലയിലുണ്ടായി ? മറ്റു ജില്ലകളിൽ സംഘർഷമില്ലല്ലോ ? എന്തുകൊണ്ട് കണ്ണൂർ ജില്ലയിൽ മാത്രം സംഘർഷമുണ്ടാകുന്നു ? അത് ആലോചിക്കണ്ടേ ? കണ്ണൂരിലെ 10 എം.എൽ.എ.മാരിൽ 8 എം.എൽ.എ മാരും സി.പി.എം.കാരല്ലേ ? അവിടെ നിങ്ങൾക്ക് മൂൻതൂക്കമില്ലേ ? നിങ്ങൾക്ക് മേധാവിത്വമില്ലേ ? അങ്ങയുടെ ഭരണകാലം അവസാനിക്കാൻ പോകുന്നു. ഈ 5 കൊല്ലക്കാലം കണ്ണൂരിലുണ്ടായത് വേദനയുടെ കഥയാണ്. അംഗവൈകല്യമുള്ള ആളുകളാണവിടെ. കണ്ണൂർ ജില്ലയെ വികലാംഗ ജില്ലയാക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ദിവസം ശ്രീ. പി.ജെ. ജോയി ഇവിടെ പറഞ്ഞു. അക്ഷരാർത്ഥത്തിൽ അക്രമത്തിൽ പരിക്കുപറ്റിയ ആളുകൾ വികലാംഗരാകുന്ന സാഹചര്യം കണ്ണൂരിലില്ലേ ? അതുകൊണ്ട് എനിക്ക് അപേക്ഷിക്കാനുള്ളത് ഈ സാഹചര്യങ്ങൾ ഈ സഭയിൽ ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ അനുമതി നൽകിയില്ലെങ്കിൽ പിന്നെ എവിടെയാണ് ചർച്ച ചെയ്യുന്നത്? കണ്ണൂർ ജില്ലയിലെ ജനങ്ങൾക്ക് നീതി കിട്ടണം. നിയമവാഴ്ച പുനഃസ്ഥാപിക്കണം. അവിടെയുണ്ടായിരുന്ന ഡി.ഐ.ജി. യെ മാറ്റി ശ്രീ. മുഹമ്മദ് യാസിനെ ഡി.ഐ.ജി. യായി പോസ്റ്റുചെയ്തു. അദ്ദേഹം അവിടെയെത്തി ചാർജെടുത്തു. രണ്ടുമാസം അവിടെ അദ്ദേഹം തികച്ചും ഭരിച്ചില്ല. ബോംബുസ്ഫോടനം നേരിടാൻ പോയപ്പോൾ പ്രതികൾ മാർക്സിസ്റ്റുകാരായതുകൊണ്ട് ശ്രീ. മുഹമ്മദ് യാസിനെ സ്ഥലംമാറ്റി. കഴിഞ്ഞ 5 വർഷക്കാലത്തിനിടയ്ക്ക് കണ്ണൂരിൽ 6 പോലീസ് ഓഫീസർമാരുണ്ടായി. ഈ സാഹചര്യം കാണിക്കുന്നത് കണ്ണൂരിലെ പോലീസിന് സ്വാതന്ത്ര്യമില്ല, കണ്ണൂരിലെ പോലീസിന്റെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നാണ്. അവിടെയാകെ ഭയാനകമായ സാഹചര്യമുണ്ടാകുന്നു. മുഖ്യമന്ത്രി രാഷ്ട്രീയത്തിന്റെ പേരിൽ ഒഴിഞ്ഞുമാറാൻ ശ്രമിക്കാതെ ദയവായി ഈ കാര്യം ചർച്ചചെയ്യാനും വസ്തുതാപരമായി ഈ കാര്യങ്ങൾ കാണാനും കണ്ണൂരിൽ സമാധാനവും ശാന്തിയും പുനഃസ്ഥാപിക്കാനും അങ്ങ് സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഏതായാലും ശ്രീ. കെ.സി. ജോസഫ് ബി.ജെ.പി.യേയും ആർ.എസ്.എസ്.നേയും ന്യായീകരിക്കാൻ പ്രസംഗിച്ചത് നന്നായി. ഇതുവരെ ചെയ്ത പ്രസംഗം മുഴുവൻ ബി.ജെ.പി.യെ ന്യായീകരിക്കുകയാണ് ചെയ്തത്. കണ്ണൂർ ജില്ലയിലെ ബി.ജെ.പി.യേയും ആർ.എസ്.എസ്.നേയും ന്യായീകരിക്കലായിരുന്നു ശ്രീ. കെ.സി. ജോസഫ് ഇതുവരെ ചെയ്തത്. ആ പ്രസംഗം മുഴുവൻ ആർ.എസ്.എസ്.-ബി.ജെ.പി. കൂട്ടുകെട്ടാണ്. ഒരൊറ്റയക്ഷരം പോലും ബി.ജെ.പി., ആർ.എസ്.എസ്. കാരെപ്പറ്റി വിമർശിച്ചു പറഞ്ഞിട്ടില്ല. തീർച്ചയായും വരാൻ പോകുന്ന തെരഞ്ഞെടുപ്പിലെ കോൺഗ്രസ്-ബി.ജെ.പി. കൂട്ടുകെട്ടിന്റെ തുടക്കമാണ് ശ്രീ. കെ.സി. ജോസഫിന്റെ പ്രസംഗമെന്നുകാണാം. തീർച്ചയായും ഈ ചെയ്യുന്നത് ന്യായമല്ല. തെറ്റാണ് അതുപോലെതന്നെ പള്ളിക്കുന്നിൽ നടന്നത് മുഖംമൂടി ആക്രമണം ആണെന്നുള്ള റിപ്പോർട്ടാണ് ഞങ്ങൾക്ക് ലഭിച്ചത്. പാനൂരിൽ സ്വയം ബോംബുണ്ടാക്കി മരിച്ച രാജേഷിനെപ്പറ്റി ഒരക്ഷരം ഇവിടെ പറഞ്ഞിട്ടില്ല. സ്വയം ബോംബുണ്ടാക്കുമ്പോഴാണ് രാജേഷ് മരിച്ചത്. അവിടുത്തെ പത്ര റിപ്പോർട്ടും ഇവിടുത്തെ പത്ര റിപ്പോർട്ടും അതാണ്. അതിനെപ്പറ്റി ഒരക്ഷരം ഇവിടെ പറഞ്ഞിട്ടില്ല. എല്ലാ ബോംബുണ്ടാക്കിയതും മാർക്സിസ്റ്റുകാരാണെന്നാണ് പറയുന്നത്. ആർ.എസ്.എസ്. കാരനാണ് രാജേഷ്, അയാളെക്കുറിച്ച് ഒരക്ഷരം പറഞ്ഞോ ? അതുകൊണ്ട് കണ്ണൂർ ജില്ലയിൽ സമാധാനപരമായ അന്തരീക്ഷം നിലനിർത്താൻ തീർച്ചയായും ശക്തമായ നടപടിയെടുക്കും. അവിടെ ഭൂരിപക്ഷമുള്ള ആർ. എസ്. എസ്., ബി. ജെ. പി. ക്കാർ കരുതിക്കൂട്ടി അക്രമമുണ്ടാക്കാൻ ശ്രമിക്കുകയാണ്. അതിനെപ്പറ്റി ശ്രീ. കെ.സി. ജോസഫിനോ മറ്റുള്ളവർക്കോ ആക്ഷേപമില്ലെങ്കിലും ഞങ്ങൾ ശക്തിയായി അത്തരം അക്രമ സംവിധാനത്തെ നേരിട്ടുകൊണ്ട് അവിടെ സമാധാനം സ്ഥാപിക്കും. അതുകൊണ്ട് സഭ നിർത്തിവച്ച് ഇത് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയം ചർച്ച ചെയ്യുന്നതിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു..... ബഹളം .....

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, കണ്ണൂർ ജില്ലയിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന അക്രമ രാഷ്ട്രീയത്തെക്കുറിച്ചും അവിടെയുണ്ടായ കൊലപാതകത്തെക്കുറിച്ചും അവിടെയുണ്ടായിട്ടുള്ള ഏറ്റവും ക്രൂരമായ മർദ്ദനങ്ങളെക്കുറിച്ചും എല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട കെ.സി. ജോസഫ് നൽകിയ അടിയന്തിര പ്രമേയത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ വിശദീകരണം തികച്ചും പ്രകോപനപരമായിപ്പോയി. അവിടെയുണ്ടായ അക്രമങ്ങളുടെ ഫലമായി, മർദ്ദനങ്ങളുടെ ഫലമായി, കയ്യേറ്റങ്ങളുടെ ഫലമായി വേദനയനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുന്ന ഒരു വാക്കെങ്കിലും പറയുന്നതിനുപകരം ആ പ്രശ്നത്തെ പൂർണ്ണമായും രാഷ്ട്രീയവൽക്കരിച്ചുകൊണ്ട് വളരെ പ്രകോപനപരമായ മറുപടിയാണ് ഫ്ളോറിൽനിന്നുമുണ്ടായത്. ബി.ജെ.പി., ആർ.എസ്.എസ്., യു.ഡി.എഫ്. കൂട്ടുകെട്ടിന്റെ അരങ്ങേറ്റമാണ് കണ്ണൂരിൽ നടക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞത് കഴിഞ്ഞ കാലത്ത് മുഖ്യമന്ത്രിയുടെ പാർട്ടി ബി.ജെ.പി. യുമായി ഉണ്ടാക്കിയ ബന്ധത്തെക്കുറിച്ചുള്ള ഓർമ്മയിൽനിന്നുമുള്ള കുറ്റബോധം കൊണ്ടായിരിക്കാം. ഏതായാലും മാർക്സിസ്റ്റു പാർട്ടിയുടെ സർട്ടിഫിക്കറ്റ് ഞങ്ങൾക്ക് ആവശ്യമില്ല. ഞങ്ങളുടെ മതേതര രാഷ്ട്രീയത്തിനാവശ്യമില്ല. ഇന്ത്യയൊട്ടാകെ ..... (ബഹളം)..... ഈ നിയമസഭ അവസാനിക്കാൻ പോകുന്നവേളയിൽ ഇത്രയും അസഹിഷ്ണുത കാണിച്ചാൽ എന്തുചെയ്യാനാണ് ? കുറച്ചുകൂടി സഹിഷ്ണുത വേണ്ടേ ? മുഖ്യമന്ത്രിയിൽ നിന്നും ഞാൻ ഇങ്ങനെയൊരു മറുപടി പ്രതീക്ഷിച്ചില്ല. അവിടെയുണ്ടായ അക്രമങ്ങൾക്ക് നേതൃത്വം കൊടുത്തത് ആരായാലും അവർക്കെതിരായി നടപടിയുണ്ടാകും. അറസ്റ്റുചെയ്യാൻ പോലീസിന് നിർദ്ദേശം നൽകുമെന്ന ഒരു മറുപടിയാണ് മുഖ്യമന്ത്രിയിൽ നിന്നും പ്രതീക്ഷിച്ചത്. അതിനുപകരം അവിടെയുണ്ടായ സംഭവങ്ങളെ മുഴുവൻ മുഖ്യമന്ത്രി ന്യായീകരിക്കുകയാണ് ചെയ്തത്. പോലീസ് കാഴ്ചക്കാരായി നിൽക്കുന്നതിനെ ന്യായീകരിച്ചുകൊണ്ട് പ്രശ്നത്തിൽനിന്നും ശ്രദ്ധതിരിക്കാനുള്ള മറുപടിയാണ് മുഖ്യമന്ത്രിയിൽനിന്നുമുണ്ടായത്. അത് വളരെ നിർഭാഗ്യകരമായിപ്പോയി. കണ്ണൂർ ജില്ല ഇങ്ങനെ പോയാൽ ഈ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ഒരു ചീത്തപ്പേരിന് കാരണമാകാൻ പോകുന്നു. കാസർഗോഡ്, കണ്ണൂർ, വടകര പാർലമെന്റ് നിയോജകമണ്ഡലങ്ങളിലെ ക്രമസമാധാന തകർച്ചയെക്കുറിച്ചുള്ള റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട്, അവിടെ പാരാ മിലിറ്ററി ഫോഴ്സിനെ തെരഞ്ഞെടുപ്പിന് വിന്യസിപ്പിക്കാൻ നിർബന്ധിതരാകുമെന്ന് കേരളം സന്ദർശിച്ച ചീഫ് ഇലക്ഷൻ കമ്മീഷണർ ശ്രീ. എം.എസ്. ഗില്ലിനുപോലും പറയേണ്ടിവന്നിരിക്കുന്നു. ആറുമാസമായി ഇന്ത്യയൊട്ടുക്കുള്ള വാർത്താമാധ്യമങ്ങളിൽ വരുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അവിടെ നിയമസമാധാന ലംഘനത്തിന്റെ പ്രശ്നങ്ങളുണ്ടെന്ന് തികച്ചും നിഷ്പക്ഷനായിട്ടുള്ള ചീഫ് ഇലക്ഷൻ കമ്മീഷൻ പോലും പറഞ്ഞിരിക്കുന്നത്. ഇത് നമ്മുടെ സംസ്ഥാനത്തിന് ഭൂഷണമാണോ ? ഇനിയെങ്കിലും മുഖ്യമന്ത്രിയുടെ ജില്ലയിൽ, ഭരണം നിയന്ത്രിക്കുന്ന മാർക്സിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി ജനറൽ സെക്രട്ടറിയുടെ ജില്ലയിൽ ദിവസവും കൊലപാതകങ്ങളും അക്രമവുമുണ്ടാകുന്ന സംഭവം അവസാനിപ്പിക്കേണ്ടതല്ലേ ? അതിനുപകരം അതിനെ മറ്റൊരുതരത്തിൽ രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിക്കുന്നത് ശരിയല്ല, മുഖ്യമന്ത്രിയുടെ മറുപടി തികച്ചും പ്രകോപനപരമായിപ്പോയി. അവിടെയുണ്ടായിട്ടുള്ള കൊലപാതകങ്ങളെക്കുറിച്ചോ അക്രമങ്ങളെക്കുറിച്ചോ കയ്യേറ്റങ്ങളെക്കുറിച്ചോ അവിടെയുണ്ടായ ഒരു സംഭവത്തെക്കുറിച്ചുപോലുമോ ഖേദം പ്രകടിപ്പിക്കാനോ കുറ്റക്കാർക്കെതിരായി നടപടി സ്വീകരിക്കുമെന്ന് ഈ സഭയിൽ ഉറപ്പുനൽകാനോ മുഖ്യമന്ത്രി തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. എ.കെ. ആന്റണിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, പള്ളിക്കുന്ന് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനെ പഞ്ചായത്ത് ഓഫീസിൽ വെട്ടിയ സംഭവം, അവിടെ ഇടയ്ക്കിടെ നടന്നുകൊണ്ടിരിക്കുന്ന അക്രമരാഷ്ട്രീയത്തിന്റെ ഏറ്റവും അവസാനത്തെ ഒരുദാഹരണമാണ്. ആ വിഷയം അതിന്റേതായ രീതിയിൽ കണ്ട്, ഈ സംസ്ഥാനത്തുതന്നെ ഇന്ന് വളരെയധികം പ്രശ്നമായി മാറിയിരിക്കുന്ന ആ മേഖലയിലെ അക്രമം അവസാനിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കർശനമായ നടപടികൾ ഉണ്ടാകണമെന്നാവശ്യപ്പെടുന്നു. അതുകൊണ്ടാണ് ഈ പ്രശ്നം സദാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷം ആവശ്യപ്പെടുന്നത്. വളരെ ഗൗരവമായി എടുക്കേണ്ട ഈ വിഷയം, സദ നിർത്തിവച്ച് ചർച്ച ചെയ്ത് സമാധാനമുണ്ടാക്കാൻ നടപടി എടുക്കേണ്ട ഈ വിഷയം അതിന്റേതായ രൂപത്തിൽ ഗവൺമെന്റ് കാണാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

10 A.M.]

(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി : സർ, ഇത്രയും ഗുരുതരമായ പ്രശ്നത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രകടിപ്പിച്ച വളരെ നിഷേധാത്മകമായ ഒരു നിലപാട്, വളരെ പ്രതിഷേധാർഹമായിട്ടുള്ള കാര്യമാണ്. പള്ളിക്കുന്നു പഞ്ചായത്ത് ഓഫീസിലെ ശ്രീ. പി.കെ. രാകേഷിനെ വെട്ടി, അദ്ദേഹത്തിന്റെ കൈകൾ അറ്റുപോയി. കഴിഞ്ഞ ശനിയാഴ്ച നടന്ന സംഭവമാണ്. ശനിയാഴ്ച കഴിഞ്ഞ് ഇന്നു ബുധനാഴ്ചയായി. ഒരു പ്രതിയെപ്പോലും അറസ്റ്റു ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രതികളെ മുഴുവനും ഗവൺമെന്റിനും പോലീസിനും അറിയാം. ആ പ്രതികളെ ഇതുവരേയും അറസ്റ്റു ചെയ്യുവാനോ അവർക്കെതിരെ നടപടികൾ സ്വീകരിക്കുവാനോ കഴിയാത്ത ഈ ഗവൺമെന്റിന്റെ നിലപാടെന്താണ് ? ആക്ഷേപകരമായ നിലപാടല്ലേ ? എന്നിട്ടു ഇതിനെപ്പറ്റി പറയുമ്പോൾ ബി.ജെ.പി., ബി.ജെ.പി. എന്നു പറഞ്ഞ് ആ പാർട്ടിയെ ഉയർത്തിക്കാണിച്ചാൽ, അത് ആരെ പേടിപ്പിക്കാനാണ് ? ഇവിടത്തെ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ബി.ജെ.പി. ആക്രമിക്കുന്നുണ്ടെങ്കിൽ അവർക്ക് എതിരെ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണം. ഇവിടെയൊരു പോലീസുണ്ടോ ? ആരു തെറ്റുചെയ്താലും ആരു കുറ്റം ചെയ്താലും അക്രമം കാണിച്ചാലും നടപടി എടുക്കാനുള്ള സ്വാതന്ത്ര്യം പോലീസുകാർക്ക് കൊടുക്കണം. പാനൂരിൽ നടന്നതെന്താണ് ? പോലീസുകാരന്റെ മുഖത്തടിക്കുന്നു. പോലീസുകാരന്റെ കഴുത്തിൽ കത്തി വയ്ക്കുന്നു. പോലീസ് സംഘം നോക്കി നിൽക്കുകയാണ്. അപമാനകരമായ രീതിയിൽ ഈ സംസ്ഥാനത്ത് നിയമസമാധാനം തകർന്നു. അതു വളരെ ഉത്കണ്ഠാജനകമായിട്ടുള്ള കാര്യമാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതു ഒട്ടും ഭൂഷണമല്ല. കഴിഞ്ഞ ശനിയാഴ്ച നടന്ന സംഭത്തിൽ ഒരു പ്രതിയേയും അറസ്റ്റു ചെയ്യാൻ കഴിയാത്ത ലജ്ജയില്ലാത്ത മുഖ്യമന്ത്രിയാണ്. ഇവിടെ അവതരിപ്പിച്ച പ്രമേയത്തിന് മറുപടി പറയാതെ, ഒഴിഞ്ഞു മാറുന്ന ഒരു ഗവൺമെന്റ്, ഈ ഗവൺമെന്റിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. കെ.എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, കേരളം ഇന്ന് ഒരു കലാപഭൂമിയായി മാറിയിരിക്കുകയാണ്. കേരളത്തിന് ഇന്നൊരു അപമാനമാണ് കണ്ണൂർ ജില്ല. ഈ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള മലയാളികൾ വളരെ വേദനയോടുകൂടിയാണ് കണ്ണൂർ ജില്ലയിലെ സംഭവങ്ങൾ നോക്കിക്കാണുന്നത്. ഈ സംസ്ഥാനം ഭരിക്കുന്ന, ആ ഭരണത്തിനു നേതൃത്വം കൊടുക്കുന്ന സി.പി.എം. ഉം കേന്ദ്ര ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന ബി.ജെ.പി. യും ചേർന്ന് അക്ഷരാർത്ഥത്തിൽ കണ്ണൂർ ജില്ലയെ ഒരു കലാപ ഭൂമിയായി മാറ്റിയിരിക്കുന്നു. കഴിഞ്ഞ ഡിസംബറിൽ ആറെണ്ണത്തിനെയാണ് ബോംബെറിഞ്ഞു കൊന്നത്. ഈ ഡിസംബറിൽ വീണ്ടും അത് ആവർത്തിക്കുകയാണ്. കണ്ണൂർ ജില്ലയിൽ കൂടിൽ വ്യവസായമായി ബോംബ് നിർമ്മാണം മാറിയിരിക്കുന്നു. മുഖ്യമന്ത്രി ജനിച്ച ജില്ലയിൽ ആയിരം പോലീസുകാരില്ലാതെ മുഖ്യമന്ത്രിക്ക് ആ ജില്ലയിൽ കടക്കാൻ സാധിക്കുമോ ? ഇന്ന് ഇന്ത്യയിൽ ഏതു പ്രദേശത്താണ് ഇത്രയും ഭീകരമായ സ്ഥിതിവിശേഷമുള്ളത്. ഈ നിലയിൽ ആ നാട് തകർന്നു. പോലീസിന് നിഷ്പക്ഷമായി, നീതിപൂർവ്വമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ല. പോലീസിനെ ആക്രമിക്കുന്നു. എസ്.ഐ. മുതൽ അങ്ങോട്ടു എ.എസ്.പി. വരെ 19 പോലീസുദ്യോഗസ്ഥന്മാരെ ബോംബെറിഞ്ഞു കൊലപ്പെടുത്താൻ ശ്രമിച്ചു. കണ്ണൂർ ജില്ലയിൽ സമാധാനം നിലനിർത്തുന്നതിന് പട്ടാളത്തെ വിളിക്കണം. കലാപരംഗമായി മാറിയിരിക്കുന്ന കണ്ണൂർ പ്രശ്നം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(പ്രൊഫ. എ. വി. താമരാക്ഷനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തു പോയി.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ഈ അടിയന്തിര പ്രമേയത്തിൽ പ്രതിപക്ഷത്തിന്റെ വാക്കൗട്ടിലേക്ക് നയിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയാണ്. ഈ സഭയിൽ ശ്രീ. കെ.സി. ജോസഫ്, ഈ വിഷയം ഇവിടെ അവതരിപ്പിച്ചുകൊണ്ട് ഇതിന്റെ ഗൗരവം ഗവൺമെന്റിനെ ബോധ്യപ്പെടുത്തുകയും അതിൽ നിന്ന് ഒരു മറുപടി ന്യായമായ നിലയിൽ മുഖ്യമന്ത്രിയിൽ നിന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയും ചെയ്തതാണ്. ഞങ്ങൾ മുൻകൂട്ടി തയ്യാറാക്കിയതല്ല ഈ വാക്കൗട്ട്. മുഖ്യമന്ത്രിയുടെ മറുപടിയെത്തുടർന്നുണ്ടായ പ്രതിഷേധമാണ് ഈ വാക്കൗട്ടിലേക്കു ഞങ്ങളെ നയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാൻ വേണ്ടി ആദ്യം എഴുന്നേറ്റപ്പോൾ പറഞ്ഞു, ഒരു പാട് സംഭവങ്ങൾ അവിടെ നടന്നുവെന്ന്. ഒരുപാട് സംഭവങ്ങൾ അങ്ങ് പറയണമെന്ന് ഞങ്ങൾ നിർബന്ധിക്കുന്നില്ല. ഇവിടെ ഉണ്ടായ വിഷയമെന്നു പറയുന്നതു പള്ളിക്കുന്ന് പഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാർ പി. കെ. രാകേഷിനെ സി.പി.എം. പ്രവർത്തകർ പഞ്ചായത്ത് ഓഫീസിൽ കയറി ശനിയാഴ്ച വെട്ടി പരിക്കേൽപ്പിച്ചതാണ് ..... (ബഹളം) ..... തലേ ദിവസത്തെ സംഭവം പറയരുതെന്ന് സ്പീക്കർ പറഞ്ഞതാണ്. പറയണമെങ്കിൽ പറയാം. സ്പീക്കർ അനുവദിച്ചാൽ ഞാൻ പറയാം. ..... (ബഹളം) ..... എന്തിനാണ് ജയരാജൻ ഇങ്ങനെ അസ്വസ്ഥനാകുന്നത് ? ഓരോ പ്രദേശങ്ങളിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കാനാണല്ലോ ഈ സഭ. അതുകൊണ്ടാണല്ലോ ഈ കാര്യങ്ങളൊക്കെ ഇവിടെ പറയുന്നത്. ഇവിടെ ആളുകളെ വെട്ടിക്കൊല്ലുന്നു. ഒരാളുടെ കയ്യും കാലും വെട്ടി മുറിക്കുക എന്നു പറഞ്ഞാൽ തന്നെ അവനെ വളർത്താൻ വേണ്ടി ചെയ്യുന്നതല്ലല്ലോ? എറണാകുളം സ്പെഷ്യലിസ്റ്റ് ആശുപത്രിയിൽ കണ്ണൂരിൽ നിന്നു കൊണ്ടുവന്ന് എത്രയോ ആളുകളെ അവിടെ ചികിത്സിച്ചു. കാൽ അറ്റുപോയവർ, കൈ അറ്റുപോയവർ, അതിനകത്തു കുഞ്ഞുകുട്ടി മുതൽ പ്രായം ചെന്ന ആളുകൾ വരെ വന്നിരിക്കുന്നു. ഇത് അനുസ്യൂതം തുടരുകയാണ്. എറണാകുളത്ത് ഒരു സ്പെഷ്യലിസ്റ്റ് ആശുപത്രി ഇല്ലെങ്കിൽ കണ്ണൂർ ജില്ലയിൽ ഒരുപാട് ആളുകൾ അംഗവൈകല്യം സംഭവിച്ചവരായിട്ട് ജീവിച്ചിരിക്കേണ്ടിവരുമായിരുന്നു ഇപ്പോൾ. അതാണ് നമ്മുടെ രാജ്യത്തിന്റെ സ്ഥിതി. ഇവിടെ കാതലായ വിഷയമെന്താണ് ? കാതലായ വിഷയം, ശനിയാഴ്ച ഉണ്ടായ സംഭവത്തിൽ പ്രതികളെ അറസ്റ്റു ചെയ്തിട്ടില്ല എന്നുള്ളതാണ്. കുറ്റകരമായ അനാസ്ഥ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട്. പോലീസിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട്. കണ്ണൂരിനെക്കുറിച്ച് പറയുമ്പോൾ അദ്ദേഹം പറയും എനിക്ക് കണ്ണൂരിനെ നന്നായിട്ടറിയാം എന്ന്. അറിയാമായിരിക്കും, ഇല്ലെന്നു ഞാൻ പറയുന്നില്ല. അങ്ങനെയുള്ള ഒരു പ്രദേശത്തുണ്ടായ ഒരു സംഭവം, അവിടെ നടക്കുന്ന രാഷ്ട്രീയ സംഘട്ടനം, രാഷ്ട്രീയ കൊലപാതകങ്ങൾ, ഇത് അമർച്ച ചെയ്യുവാൻ, ഇത് ആവർത്തിക്കാതിരിക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ ? അങ്ങ് ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിച്ചല്ലോ ? ശ്രീ. പിണറായി വിജയൻ നേരിട്ടുപോയല്ലേ കെ.എൻ. ജോസിന്റെ വീട്ടിലുണ്ടായ സ്ഫോടനത്തിൽ 12 ലക്ഷം രൂപ കൊടുത്തത്. പത്രത്തിൽ വാർത്ത വന്നിരിക്കുന്നു. ഇതൊക്കെ നമ്മുടെ സംസ്ഥാനത്തുണ്ടായിരിക്കുന്ന വിഷയങ്ങളാണ്. ബോംബ് സ്ഫോടനമുണ്ടായ വീട്ടിൽ പാർട്ടിയുടെ ഫണ്ടു കൊണ്ടുപോയി കൊടുത്ത കാര്യം

LIBRARY ARCHIVES Kerala Legislative Assembly

പത്രത്തിൽ വന്നിരിക്കുന്നു. എനിക്കറിയില്ല അതിന്റെ വസ്തുതകൾ. ഇങ്ങനെയുള്ള സംഭവങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ അനാസ്ഥ; ഒരു വാക്കു കൂടി പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ഇവിടെ കണ്ണൂർ ജില്ലയടക്കം കേരളം തെരഞ്ഞെടുപ്പിലേക്കു പോകുകയാണ്. മനുഷ്യന് സൈര്യമായി വോട്ടു ചെയ്യാനുള്ള ധൈര്യം ഉണ്ടോ അവിടെ ? നിഷ്പക്ഷമായി, നീതിപൂർവ്വമായി തെരഞ്ഞെടുപ്പ് നടക്കണം. അങ്ങനെ ആഗ്രഹിക്കുന്ന ഒരു മനുഷ്യന് വോട്ടു ചെയ്യാനോ പോളിംഗ് ബൂത്തിലേയ്ക്കു പോകാനോ സാധ്യമല്ല. കാരണം ഭയപ്പാട് തന്നെ. അതിനകത്ത് മാർക്സിസ്റ്റുകാരനും ബി.ജെ.പി.ക്കാരനും ബോംബ് എറിയുന്നുണ്ടോ എന്നുള്ളതല്ല വിഷയം, മനുഷ്യർക്ക് അവിടെ സഞ്ചരിക്കാൻ വയ്യാത്ത ഒരു സാഹചര്യമാണുള്ളത്. അതിന് സി.പി.എം. ഉം, ബി.ജെ.പി. യും ഉത്തരവാദികളാണ്. ഇല്ലെന്നു ഞാൻ പറയുന്നില്ല. കൊലപാതകങ്ങളല്ലേ അവിടെ നടന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഈ സംസ്ഥാനത്തിന്റെ നിയമസമാധാനകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു വ്യക്തി എന്നുള്ള നിലയിൽ അങ്ങയുടെ ഭാഗത്തു നിന്നുണ്ടായ പരാമർശം തികച്ചും നിരുത്തരവാദപരമാണ്, പ്രതിഷേധാർഹമാണ്. അതുകൊണ്ടാണ് ഈ വാക്കൗട്ട് നടത്തണമെന്ന് തീരുമാനിച്ചത്. ഈ വാക്കൗട്ടിൽ ഞങ്ങളും പങ്കെടുക്കുകയാണ്.

(ശ്രീ. ടി. എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തു പോയി.)

V ശ്രദ്ധക്ഷണിക്കൽ

(1) വൈദ്യുതി മേഖലയിൽ കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന പരിഷ്ക്കാരങ്ങൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, വൈദ്യുതിയുടെ ഉല്പാദനവും വിതരണവും പ്രസരണവും വില നിർണ്ണയവുമെല്ലാം കേന്ദ്ര സർക്കാർ വൈദ്യുതി റെഗുലേറ്ററി ബിൽ കൊണ്ടുവന്ന് അതിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരാനാണ് ശ്രിമിക്കുന്നത്. വൈദ്യുതി വളരെ പ്രധാനപ്പെട്ട മേഖലയാണ്. അതിന്റെ വിതരണം നിലച്ചാൽ സകലതും നിശ്ചലമാകും. അങ്ങനെയുള്ള ഒരു മേഖലയെ സ്വകാര്യ കമ്പനികളെ, സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കുക എന്നതാണ് ഇലക്ട്രിസിറ്റി ബിൽ 2000 കൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സ്വകാര്യ മേഖലയെ സംബന്ധിച്ചിടത്തോളം പരമാവധി ലാഭമാണ് അവരുടെ ലക്ഷ്യം. അവർക്ക് പാവപ്പെട്ടവരെന്നോ ധനികനെന്നോ കർഷകനെന്നോ വ്യവസായി എന്നോ പട്ടികജാതി പട്ടികവർഗ്ഗക്കാരനെന്നോ ഉള്ള വ്യത്യാസമൊന്നുമില്ല. ഒരേ നിരക്കിലാണ് കറന്റ് വിൽക്കുക. മാക്സിമം വിലയ്ക്ക് വിൽക്കുക, മാക്സിമം ലാഭത്തിന് വിൽക്കുക, അതാണ് അവരുടെ ലക്ഷ്യം. നമ്മുടെ രാജ്യത്തെ ലക്ഷക്കണക്കായ പാവപ്പെട്ട ആളുകൾക്ക് സൗജന്യമായി വൈദ്യുതി ലഭിക്കുന്നുണ്ട്. കൃഷിക്കാർക്ക് സൗജന്യമായി ലഭിക്കുന്നുണ്ട്. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി സൗജന്യമായി ലഭിക്കുന്നുണ്ട്. ആ സംവിധാനങ്ങളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly